**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5031** **01-11-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി താലൂക്ക് ഓഫീസിന് മുന്നിലെ വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി താലൂക്ക് ഓഫീസിലേക്കുള്ള പ്രധാന വഴിയിൽ മണൽ കടത്തിന്റെ ഭാഗമായി പിടിച്ചിട്ടിരിക്കുന്ന ലോറികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. അനധികൃതമായി മണൽ കടത്തിന് പിടിച്ചെടുത്ത വാഹനങ്ങളാണ് ഇങ്ങനെ സൂക്ഷിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യുവാൻ ജില്ലാഭരണകൂടം (റവന്യൂ വിഭാഗം) നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കൊയിലാണ്ടി താലൂക്ക് പരിധിയിൽ ഇങ്ങനെ കണ്ടുകെട്ടുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ മറ്റ് സ്ഥലമില്ല. മണൽകടത്തിന് പിടിച്ചെടുത്ത വാഹനങ്ങളിൽ നിയമനടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നിർദ്ദേശം വടകര ആർ.ഡി.ഒ യ്ക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുകയാണ്. |
| (സി) | വാഹനങ്ങൾ അടിയന്തരമായി നീക്കം ചെയ്ത് വഴി പൊതുജനങ്ങൾക്ക് സുഗമമാക്കി നൽകാൻ നടപടി സ്വീകരിക്കുമോ; എന്നത്തേക്ക് ഇത് നടപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | അടിയന്തിരമായി വാഹനങ്ങൾ നീക്കം ചെയ്ത് വഴി പൊതുജനങ്ങൾക്ക് സുഗമമാക്കി നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ